# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 56** **07.01.2014 ൽ മറുപടിയ്ക്ക്**

## അനർട്ട് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, കെ.എം. ഷാജി<br>,, പി.ബി. അബ്ദുൾ റസാക്<br>,, റ്റി.എ. അഹമ്മദ് കബീർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) . മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം ഊർജ്ജോൽപാദനം കൂടി ലക്ഷ്യമിട്ട് അനർട്ട് നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) മാലിന്യ നിർമാർജനത്തോടൊപ്പം പാചകാവശ്യത്തിനായുള്ള ഇന്ധനമായ ബയോഗ്യാസ് ഉല്പാദിപ്പിക്കുന്ന പദ്ധതികൾ മാത്രമേ അനെർട്ട് നടപ്പിലാക്കി വരുന്നുള്ളൂ. ഈ പദ്ധതിയുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ആൾക്കാരെ തെരഞ്ഞെടുത്ത് അവരെ ഫോണിലൂടെ ബന്ധപ്പെട്ട് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ ഏതെങ്കിലും രീതിയിലുള്ള പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകുകയും അവർ നേരിട്ട് പ്ലാന്റ് പരിശോധിച്ച ശേഷം പരാതി പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിയിൻ കീഴിൽ 1 ക്യുബിക് മീറ്റർ മുതൽ 10 ക്യുബിക് മീറ്റർ വരെ ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളാണ് സ്ഥാപിച്ചു വരുന്നത്. കഴിഞ്ഞ വർഷങ്ങളിൽ 7123 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. |

(സി) ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വാഗ്ദാനം നൽകിയിരുന്നത്;

(ഡി) എല്ലാ ഗുണഭോക്താക്കൾക്കും വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(സി) യും (ഡി)യും

ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കാലാകാലങ്ങളിൽ എം.എൻ.ആർ.ഇ യും സംസ്ഥാന സർക്കാരും പ്രഖ്യാപിക്കുന്ന സബ്സിഡിയാണ് നല്കാറുള്ളത്. ഇപ്രകാരം 2011-12 വർഷം ഒന്നാം ഘട്ടമായി എം.എൻ.ആർ.ഇ പദ്ധതിയിൽ സ്ഥാപിച്ച 550 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി വിതരണം ചെയ്തു എങ്കിലും രണ്ടാം ഘട്ടമായി സ്ഥാപിച്ച 2500 പ്ലാന്റുകളിൽ 358 പ്ലാന്റുകൾക്ക് മാത്രമേ എം.എൻ.ആർ.ഇ സബ്സിഡിയും സംസ്ഥാന സബ്സിഡിയും നല്കിയിട്ടുള്ളൂ. കാരണം രണ്ടാം ഘട്ടത്തിൽ സ്ഥാപിച്ച 358 പ്ലാന്റുകൾക്ക് എം.എൻ.ആർ.ഇ സബ്സിഡി നല്കി കഴിഞ്ഞ ശേഷമാണ് മേൽ പദ്ധതിയ്ക്ക് എം.എൻ.ആർ.ഇ സബ്സിഡി നല്കില്ല എന്ന അറിയിപ്പ് ലഭിച്ചത്. ആയതിനാൽ ശേഷിച്ച 2142 പ്ലാന്റുകൾക്ക് സംസ്ഥാന സബ്സിഡി വിഹിതമായ 8000 രൂപ മാത്രമേ അനുവദിച്ചു നല്കിയിട്ടുള്ളൂ. 2012-13 വർഷം എം.എൻ.ആർ.ഇ പദ്ധതിയിലും സംസ്ഥാന പദ്ധതിയിലും സ്ഥാപിച്ച എല്ലാ പ്ലാന്റുകൾക്കും 2013-14 വർഷം സംസ്ഥാന പദ്ധതിയിൽ സ്ഥാപിച്ച 106 പ്ലാന്റുകൾക്കും എം.എൻ.ആർ.ഇയുടെയും സംസ്ഥാനത്തിന്റെയും സബ്സിഡി വിഹിതം വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ